# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 24 തിങ്കൾ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -284)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ആരോഗ്യവും കയറും വകുപ്പുമന്ത്രി | : 5003 മുതൽ 5133 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | : 5134 മുതൽ 5204 വരെ |
| ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി | : 5205 മുതൽ 5261 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : 5262 മുതൽ 5286 വരെ |

## സർക്കാർ ആശുപത്രികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ

5003

ശ്രീ. സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, പി. എ. മാധവൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളുടെ ഗുണനിലവാരം ഉയർത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിനായി ആശുപത്രികൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകുമോ;

(സി) ഇതിന് കേന്ദ്ര സഹായം ലഭ്യമാണോ; വിശദാംശങ്ങൾ എന്തെല്ലാം;

## കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

(ഡി) താല്പര്യപ്പെടുന്ന സ്വകാര്യ ആശുപത്രികൾക്ക് ഇത്തരം സമ്പ്രദായം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ആരോഗ്യ മേഖലയുടെ സമഗ്രമായ നവീകരണം</u>

5004 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയുടെ സമഗ്ര നവീകരണം ലക്ഷ്യമിടുന്നുണ്ടോ ;

(ബി) എങ്കിൽ എന്തൊക്കെ പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) അതിനുള്ള സാമ്പത്തികസ്രോതസ്സ് എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ആധുനിക യന്ത്രങ്ങളുടെ ഫലപ്രദമായ ഉപയോഗം</u>

5005 ശ്രീ. എം. എ. ബേബി
,, എ. കെ. ബാലന്‍
,, എളമരം കരീം
,, കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ആശുപത്രികളില്‍ ചികിത്സാരംഗത്ത് ആധുനിക യന്ത്രോപകരണങ്ങളുടെ ഉറപ്പാക്കലും ഫലപ്രദമായ ഉപയോഗവും പരിശോധിച്ചിട്ടുണ്ടോ ;

(ബി) രോഗനിര്‍ണ്ണയത്തിനും പരിശോധനകള്‍ക്കുമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള യന്ത്ര സാമഗ്രികള്‍ എത്രമാത്രം ആശുപത്രികളില്‍ ലഭ്യമാക്കാന്‍ സാധിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) വിലകൂടിയ ഉപകരണങ്ങള്‍ സ്ഥാപിച്ചിട്ടുള്ള ആശുപത്രികളില്‍ അവ സൂക്ഷ്മതയോടെയും ശ്രദ്ധയോടെയും കൈകാര്യം ചെയ്യപ്പെടാത്ത അവസ്ഥ റിപ്പോര്‍ട്ടു ചെയ്യപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

മെഡിക്കൽ കോളേജിലെ മാതൃ - ശിശു കേന്ദ്രങ്ങൾ

5006 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. റ്റി. ബൽറാം
,, എം. എ. വാഹീദ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ആശുപത്രികളിലെ മാതൃ - ശിശു കേന്ദ്രങ്ങളുടെ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) പ്രസ്തുത ആശുപത്രികളിലെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) ഇതിനായി എത്ര കോടിരൂപ വകയിരുത്തിയിട്ടുണ്ട്?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

ചികിത്സ വൈകുന്നതു മൂലമുള്ള മരണം

5007 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അപകടങ്ങളിൽപ്പെടുന്നവർക്ക് അധികൃതരുടെ അനാസ്ഥ മൂലം ചികിത്സ വൈകുകയും അതുമൂലം മരണം സംഭവിക്കുകയും ചെയ്യുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതു പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്;

(സി) രോഗികളുടെ പ്രശ്നങ്ങൾ ലാഘവ ബുദ്ധിയോടെ കൈകാര്യം ചെയ്യുന്ന ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>ജനനി സുരക്ഷ യോജന</u>

5008 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനനി സുരക്ഷ യോജന പ്രകാരം ബി.പി.എൽ കുടുംബാംഗമായ അമ്മമാർക്ക് നൽകിവരുന്ന സാമ്പത്തിക സഹായം എത്ര രൂപയാണ് എന്ന് വ്യക്തമാക്കാമോ ; യാത്രാ ചെലവിനത്തിൽ എത്ര രൂപ നൽകുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ബി.പി.എൽ. കുടുംബാംഗത്തിന് നൽകി വരുന്ന പ്രസ്തുത സാമ്പത്തിക സഹായം എ.പി.എൽ. കുടുംബാംങ്ങൾക്കും കൂടി ലഭിക്കത്തക്കവിധം മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ആശാപ്രവർത്തകർക്ക് ക്ഷേമപദ്ധതികൾ</u>

T5009 ശ്രീമതി കെ.കെ. ലതിക
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, എം. ഹംസ
,, ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശാപ്രവർത്തകർക്ക് കഴിഞ്ഞ സർക്കാർ പ്രഖ്യാപിച്ച ഓണറേറിയം മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇവർക്ക് മിനിമം കൂലി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) ആശാപ്രവർത്തകരുടെ ക്ഷേമത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>എൻ.ആർ.എച്ച്.എം.- വയനാട് ജില്ലയിലെ പദ്ധതികൾ</u>

5010

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ2009-10, 2010-11 വർഷങ്ങളിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നിയോജക മണ്ഡലം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതി പ്രകാരം ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം കല്പറ്റ മണ്ഡലത്തിൽ അനുമതി ലഭിച്ചതും നടന്നുവരുന്നതുമായ പ്രവൃത്തികളും ഇനി അനുമതി ലഭിക്കാനുള്ള പദ്ധതികളും ഏതെല്ലാമെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>വാർഷിക പദ്ധതിയിൽ ആരോഗ്യമേഖലയുടെ വിഹിതം</u>

5011 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ആസൂത്രണ കമ്മീഷനുമായി നടത്തിയ വാർഷിക പദ്ധതി ചർച്ചയിൽ ആരോഗ്യമേഖലയ്ക്ക് എത്ര തുകയാണ് അനുവദിച്ചത്;

(ബി) അംഗീകാരം ലഭിച്ച ഘടകപദ്ധതികൾ ഏതെല്ലാമെന്നും ഓരോ പദ്ധതിയ്ക്കും മാറ്റിവയ്ക്കപ്പെട്ട തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ വാർഷിക പദ്ധതിയെ അപേക്ഷിച്ച് ആരോഗ്യമേഖലയിൽ ഈ വർഷം എത്ര തുക കൂടുതലായി ലഭിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>പാരമ്പര്യ വൈദ്യന്മാർ</u>

5012 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ പാരമ്പര്യ ചികിത്സകർക്ക് ചികിത്സാനുമതി നൽകുന്നതു സംബന്ധിച്ച് 2009 ജൂൺ 1 ന് പുറപ്പെടുവിച്ച ജി. ഒ. (എം.എസ്.) 145/2009/നമ്പർ ഉത്തരവ് ഇപ്പോൾ പ്രാബല്യത്തിലുണ്ടോ;

(ബി) എങ്കിൽ അതുപ്രകാരം ആർക്കൊക്കെയാണ് ചികിത്സാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) 1974-ൽ കേന്ദ്ര ഹോമിയോ കൗൺസിൽ നിയമം ബാധകമാക്കിയപ്പോൾ, നിയമം പ്രാബല്യത്തിൽ വരുന്നതിന് അഞ്ചുവർഷം മുമ്പ് ചികിത്സ നടത്തിയിരുന്നവർക്ക് തുടർ ചികിത്സാനുമതി നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ സംസ്ഥാന സർക്കാർ മലബാർ മേഖലയിലെ പാരമ്പര്യ ചികിത്സകർക്കു വേണ്ടി പുറപ്പെടുവിച്ച ഉത്തരവിലെ ചികിത്സാ പരിചയ കാലപരിധിയിൽ നില നിൽക്കുന്ന അന്തരം പരിഹരിക്കുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>കയർ വ്യവസായ വികസനം</u>

5013 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ കമ്മീഷന്റെ കയർ വ്യവസായ വികസനം ലക്ഷ്യമാക്കി, ആനതലവട്ടം ആനന്ദൻ ചെയർമാനായ കയർ കമ്മീഷൻ സമർപ്പിച്ച നിർദ്ദേശങ്ങളിൽ ഏതെല്ലാം നടപ്പാക്കി; അതിനായി എത്ര ലക്ഷം രൂപ ചെലവഴിച്ചു;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കിയതുവഴി നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(സി) അവശേഷിക്കുന്ന ശുപാർശകൾ കൂടി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>പുവര്‍ പേഷ്യന്റ് വെല്‍ഫെയര്‍ സൊസൈറ്റി</u>

5014 ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം പുവര്‍ പേഷ്യന്റ് വെല്‍ഫെയര്‍ സൊസൈറ്റി മുഖേന എത്രപേര്‍ക്ക് സാമ്പത്തിക സഹായം നല്‍കിയിട്ടുണ്ടെന്നും ഓരോ വ്യക്തിക്കും എത്ര തുക ലഭിച്ചിട്ടുണ്ടെന്നും അറിയിക്കുമോ;

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>കേന്ദ്ര പദ്ധതികൾ</u>

5015 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പും, ആരോഗ്യ വിദ്യാഭ്യാസ വകുപ്പും കേന്ദ്ര പരിഗണനയ്ക്കായി സമർപ്പിച്ച പദ്ധതികൾ എന്തൊക്കെയായിരുന്നുവെന്നു വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം ലഭിച്ചുവെന്നു അറിയിക്കുമോ;

(സി) പരി അംഗീകാരവും ലഭിക്കുമെന്ന് ഉറപ്പുലഭിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

5016 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രകാരം അർഹതയുളള രോഗികളുടെ കുടുംബത്തിന് പ്രതിവർഷം എത്ര രൂപയുടെ മരുന്നുകളും ചികിത്സാ സഹായവുമാണ് ലഭിക്കുന്നത്;

(ബി) സർക്കാരാശുപത്രിയിൽ മരുന്നുകൾ ഇല്ലാതെ വന്നാൽ പ്രസ്തുത സ്കീമിൽ ഇപ്രകാരം പുറത്തുനിന്നും മരുന്നു വാങ്ങുവാൻ പണം നൽകുന്നുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം കമ്പനിയുടെ മരുന്നുകളാണ് വാങ്ങാവുന്നത്; ഇതു സംബന്ധിച്ച് ഉത്തരവുകളോ നിർദ്ദേശങ്ങളോ നല്കിയിട്ടുണ്ടോ;

(ഡി) ഗുണനിലവാരമുളള മരുന്നുകൾ ആശുപത്രികളിൽ ഉളളപ്പോൾ തന്നെ ഗുണനിലവാരമില്ലാത്ത വിലകൂടിയ മരുന്നുകൾ വാങ്ങാൻ ചില സർക്കാർ ഡോക്ടർമാർ രോഗികളെ നിർബന്ധിക്കുന്നതു മൂലം സർക്കാർ മരുന്നുകൾ ആശുപത്രികളിൽ കെട്ടിക്കിടക്കുന്നതും, ആശുപത്രിക്കു ലഭിക്കേണ്ട ഇൻഷുറൻസ് ഫണ്ട് നഷ്ടപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ചെലവുകൂടിയ മരുന്നുകൾ വാങ്ങേണ്ടിവരുന്നതിനാൽ രോഗികൾക്ക് അർഹമായ ഇൻഷുറൻസ് തുകയിൽ കുറവ് ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>ലെപ്രസി പെൻഷൻ</u>

5017 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലെപ്രസി ആശുപത്രികളിലെ അന്തേവാസികളായ രോഗികൾക്ക് ലെപ്രസി പെൻഷൻ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) അവർക്ക് പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 24.10.2011-ലെ മറുപടിക്ക്

<u>ആംബുലൻസുകൾ അപകടത്തിൽപ്പെട്ടുള്ള മരണങ്ങൾ</u>

5018 ശ്രീ.ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആംബുലൻസുകൾ അപകടത്തിൽപ്പെട്ടുണ്ടാകുന്ന മരണങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് തടയാൻ എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി എല്ലാ ആംബുലൻസുകളിലും സാങ്കേതിക പരിശോധനാ സംവിധാനം ഏർപ്പെടുത്തുമോ ;

(ഡി) ഇതിന് കൈകൊള്ളാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>108 ആംബുലൻസ് തീപിടിച്ച സംഭവം</u>

5019

ശ്രീ. പി. കെ. ഗുരുദാസൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. കെ. ജയചന്ദ്രൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് വരുന്നതിനിടയിൽ 108 ആംബുലൻസ് തീപിടിച്ച് രണ്ടുപേർ വെന്തുമരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിനിടയായ സാഹചര്യം എന്തായിരുന്നു; അതു സംബന്ധിച്ച് ആരോഗ്യവകുപ്പ് അന്വേഷിക്കുകയുണ്ടായോ; വിശദമാക്കാമോ ;

(സി) 108 ആംബുലൻസ് പദ്ധതി നടത്തിപ്പിനായി ഏർപ്പെടുത്തിയ പ്രത്യേക സംവിധാനം സംബന്ധിച്ച് വിശദമാക്കാമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

'108' ആംബുലൻസിന്റെ സുരക്ഷാ സംവിധാനം

5020 ശ്രീ. മഞ്ഞളാംകുഴി അലി
,, പി. ബി. അബ്ദുൾ റസാക്
,, സി. മമ്മൂട്ടി
,, റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ. ആർ. എച്ച്. എം. പദ്ധതിപ്രകാരം വാങ്ങിയ '108' ആംബുലൻസുകളിലൊന്നിന് തീപിടിച്ച് രണ്ടുപേർ മരിക്കാനിടയായ സാഹചര്യത്തിൽ ഈ വാഹനങ്ങളുടെ സുരക്ഷാ സംവിധാനങ്ങളുടെ വിദഗ്ദ്ധ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതിന്റെ ആവശ്യകത പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) അഗ്നിബാധാ പ്രതിരോധ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള വാഹനങ്ങൾക്കാണോ ഓർഡർ നൽകിയിരുന്നതെന്നകാര്യം പരിശോധിക്കുമോ; അത് സംബന്ധിച്ച വിശദവിവരം നല്കുമോ;

(സി) സംസ്ഥാനത്തൊട്ടാകെ ഇത്തരം എത്ര വാഹനങ്ങളാണ് വാങ്ങിയിട്ടുള്ളത്; ഓരോന്നിനുമുള്ള വിലയെത്രയാണ്; ആകെ എന്ത് തുക ഇതിനായി ചെലവഴിച്ചു;

(ഡി) ആംബുലൻസുകൾ ഏത് കമ്പനിയുടേതാണ്; വാഹനം വാങ്ങാൻ ഏർപ്പെടുത്തിയ സംവിധാനമെന്തായിരുന്നെന്നും, ഗുണപരിശോധനയ്ക്ക് ചുമതലപ്പെട്ട വിദഗ്ദ്ധർ ആരെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ഇ) ആരോഗ്യ വകുപ്പിനുകീഴിൽ സമാന ആവശ്യത്തിന് തിരുവനന്തപുരം ജില്ലയിൽ അടുത്ത കാലത്ത് വാഹനം വാങ്ങിയിട്ടുണ്ടോ; എങ്കിൽ അതിന് നൽകിയ വിലയെത്രയാണെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ബൾക്ക് പർച്ചേസ് നടത്തിയിട്ടും '108' ആംബുലൻസ് വാഹനങ്ങൾക്ക് ഉയർന്നവില നല്കേണ്ടിവന്ന സാഹചര്യത്തെക്കുറിച്ച് അന്വേഷണം നടത്തുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>സ്കാനിംഗ് സെന്ററുകളിലെ അമിത നിരക്ക്</u>

5021 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്കാനിംഗ് സെന്ററുകൾ അമിത നിരക്കുകൾ ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ചാർജ്ജുകൾ സർക്കാർ ആശുപത്രികളിലെ ചാർജ്ജുകളുമായി ഏകീകരിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) അതിനായി എൻ.ആർ.എച്ച്.എം. ന്റെ സഹകരണത്തോടെയുള്ള ഒരു പദ്ധതിയ്ക്ക് രൂപം നൽകുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>ആരോഗ്യ കേന്ദ്രങ്ങളിലെ സേവനങ്ങൾ</u>

5022 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എച്ച്.സി.കളിലും സി.എച്ച്.സി.കളിലും നിന്ന് എന്തെല്ലാം സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സേവനങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്നും ഫീൽഡ് വർക്ക് നടക്കുന്നുണ്ടെന്നും വിലയിരുത്താൻ നിലവിൽ എന്തെല്ലാം സംവിധാനമാണ് ഉള്ളത്;

(സി) പകർച്ചവ്യാധികൾ വർദ്ധിച്ചുവരുവന്ന സാഹചര്യത്തിൽ ആരോഗ്യ കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ ശരിയായി നടക്കുന്നുണ്ടെന്ന് വിലയിരുത്താൻ പരിശോധനാ സമ്പ്രദായം ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>ഡോക്ടർമാരുടെ സ്പെഷ്യാലിറ്റി കേഡർ</u>

5023 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ നടപ്പിലാക്കിയ ഡോക്ടർമാരുടെ സ്പെഷ്യാലിറ്റി കേഡർ സംവിധാനം തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുമൂലം സി. എച്ച്. സി. തലത്തിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭിക്കാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗ്രാമപ്രദേശങ്ങളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>സ്പെഷ്യാലിറ്റി കേഡർ സമ്പ്രദായം</u>

5024 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പിനു കീഴിലുള്ള ആശുപത്രികളെ അപ്ഗ്രേഡ് ചെയ്തുകൊണ്ട് ഇറക്കിയ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) അപ്ഗ്രേഡ് ചെയ്ത ആശുപത്രികളിൽ ഏതെല്ലാമാണ് സ്പെഷ്യാലിറ്റി കേഡർ സമ്പ്രദായം നടപ്പിൽ വരുത്തിയതെന്നു വ്യക്തമാക്കുമോ ;

(സി) അപ്ഗ്രേഡ് ചെയ്യുകയും സ്പെഷ്യാലിറ്റി കേഡർ സമ്പ്രദായം നടപ്പിൽ വരുത്തുകയും ചെയ്ത സ്ഥാപനങ്ങളിലേക്കാവശ്യമായ തസ്തിക സൃഷ്ടിച്ചുകൊണ്ട് മുൻ ഗവൺമെന്റ് പുറത്തിറക്കിയ ഉത്തരവുകൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

## സ്കൂൾ ഹെൽത്ത് പ്രോഗ്രാം

5025 ശ്രീ. കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഇതനുസരിച്ച് സ്കൂൾ ഹെൽത്ത് കാർഡ് നൽകുന്ന പദ്ധതിയുടെ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(സി) ഈ അദ്ധ്യയന വർഷം എല്ലാ സ്കൂൾ കുട്ടികൾക്കും ഹെർത്ത് കാർഡ് നൽകുന്നതിനുള്ള സംവിധാനം ഉടൻ പൂർത്തിയാക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ദന്തൽ ക്ലിനിക്കുകളുടെ ആധുനികവൽക്കരണം</u>

5026

ശ്രീ. വി. പി. സജീന്ദ്രൻ
,, എ. റ്റി. ജോർജ്
,, എം. എ. വാഹീദ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദന്തൽ ക്ലിനിക്കുകളുടെ നവീകരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) ദന്തൽ ക്ലിനിക്കുകളെ ശക്തിപ്പെടുത്തുന്നതിന് നൂതനവും അത്യാധുനികവുമായ ഉപകരണങ്ങൾ ഒരുക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ദന്ത രോഗങ്ങൾ തടയുന്നതിനും അതിനുള്ള ബോധവൽക്കരണത്തിനും മൊബൈൽ ദന്ത യൂണിറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) എല്ലാ സ്കൂളുകളിലും ദന്തൽ ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ നടപടിയെടുക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

ഹെൽത്ത് ഇൻസ്പെക്ടർമാർ നടപടി

5027 ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധികൾ തടയുന്നതിനും രോഗപ്രതിരോധ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നതിനും ആവശ്യമായ ഹെൽത്ത് ഇൻസ്പെക്ടർമാർ ആരോഗ്യ വകുപ്പിൽ നിലവിലുണ്ടോ;

(ബി) പോലീസ് സേനയിലെ റിസർവ്വ് സംവിധാനം പോലെ പ്രധാനപ്പെട്ട ആരോഗ്യ കേന്ദ്രങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ ടീമിനെ നിലനിർത്താൻ ശ്രദ്ധിക്കുമോ;

(സി) പകർച്ചവ്യാധികൾക്കെതിരെ പ്രതിരോധ-ബോധവൽക്കരണ പ്രവർത്തനങ്ങൾനടത്തുന്നതിനായി ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തിയാൽ രോഗങ്ങൾ പടർന്നു പിടിക്കുമ്പോൾ ഉണ്ടാകുന്ന അധികച്ചെലവ് ചുരുക്കാനാകുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ; ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ആശുപത്രി വക ഭൂമി</u>

5028 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം ഗവ: രാമറാവു താലൂക്ക് ആശുപത്രിക്ക് പരവൂർ വില്ലേജിൽ എത്ര ഏക്കർ ഭൂമിയാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത ഭൂമി കൂടാതെ കൊല്ലം ജില്ലയിൽ ഏതൊക്കെ താലൂക്കുകളിൽ ആശുപത്രി വക കരഭൂമിയും, നിലവും ഉണ്ടെന്ന് രേഖകൾ പരിശോധിച്ച് വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ ഭൂമികളുടെ കൈവശാവകാശം ആരോഗ്യ വകുപ്പിനുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) ആശുപത്രി വക ഭൂമി അന്യാധീനപ്പെട്ടുപോയിട്ടുണ്ടെങ്കിൽ ആയത് തിരിച്ചെടുക്കുവാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) ആരോഗ്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഉപയോഗപ്പെടുത്തുവാനായി ലഭിച്ചിട്ടുള്ള പ്രസ്തുത ഭൂമിയിൽ കേന്ദ്ര ഗവൺമെന്റ് സഹായത്തോടുകൂടിയുള്ള ആരോഗ്യ പദ്ധതികൾ നടപ്പിലാക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>സ്വന്തമായി വാഹനമുള്ള സർക്കാർ ആശുപത്രികൾ</u>

5029 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ ഏതെല്ലാം സർക്കാർ ആശുപത്രികൾക്കാണ് സ്വന്തമായി വാഹനമുള്ളത് ാ ;

(ബി) വാഹനങ്ങളില്ലാത്ത ആശുപത്രികളിൽ പുതുതായി വാഹനങ്ങൾ അനുവദിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

ശബരിമല തീർത്ഥാടനം -അടൂർ മണ്ഡലത്തിലെ ക്രമീകരണങ്ങൾ

5030 ശ്രീ.ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് എന്തെല്ലാം ക്രമീകരണങ്ങളാണ് ആരോഗ്യ വകുപ്പ് അടൂർ മണ്ഡലത്തിൽ നടപ്പിലാക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) പകർച്ചപ്പനികളുടെയും മറ്റും ഭീതിയിൽ അന്യസംസ്ഥാന അയ്യപ്പൻമാർ അധികമായെത്തുന്നയിടങ്ങളിൽ ഹെൽപ്പ്ഡെസ്ക് തുറക്കുവാൻ നടപടിയുണ്ടാകുമോ ;

(സി) ഇടത്താവളമായ പന്തളത്ത് ഖരമാലിന്യനിർമ്മാർജ്ജനത്തിനായി എന്തെങ്കിലും പുതിയ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>വൈത്തിരി താലൂക്കിൽ ബ്ലഡ് ബാങ്ക്</u>

5031 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ബ്ലഡ് ബാങ്ക് തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) കൽപ്പറ്റ മണ്ഡലത്തിലെ വൈത്തിരി താലൂക്കിൽ ബ്ലഡ് ബാങ്ക് ഇല്ലാത്തതുമൂലം അപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തിര സഹായമെത്തിക്കുന്നതിന് സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത താലൂക്കിൽ ബ്ലഡ് ബാങ്ക് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>ക്യാൻസർ രോഗവർദ്ധനവ് സംബന്ധിച്ച പഠനം</u>

5032 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ ഉൾപ്പെടെയുള്ള മാരകരോഗങ്ങൾ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങളെക്കുറിച്ച് ആരോഗ്യവകുപ്പോ ബന്ധപ്പെട്ട ഏജൻസികളോ എന്തെങ്കിലും ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ പഠനം നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>കോഴിക്കോട് മാവൂരിൽ കാൻസർ സെന്റർ</u>

5033 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാവൂരിൽ കാൻസർ സെന്റർ സ്ഥാപിക്കുന്നതിന് സൗജന്യമായി സ്ഥലവും കെട്ടിടവും ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര സ്ഥലമാണ് ലഭിച്ചിട്ടുളളത്;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>മാവേലിക്കര ജില്ലാ ആശുപത്രിയിൽ ബ്ലഡ് ബാങ്ക്</u>

5034 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മാവേലിക്കര ജില്ലാ ആശുപത്രിയിൽ ബ്ലഡ് ബാങ്കും ക്രോസ്മാച്ച് ചെയ്യുന്നതിനാവശ്യമായ സൗകര്യവും ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>പരിയാരം ഗവ: ആയുർവ്വേദ ആശുപത്രി വികസനം</u>

5035 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിയാരം ഗവ: ആയുർവ്വേദ കോളേജ് ആശുപത്രിക്ക് കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ചുവെങ്കിലും പണി തുടങ്ങാത്തതിന്റെ കാരണം അറിയിക്കുമോ; ഇതിനായി പൊതുമരാമത്ത് കെട്ടിടവിഭാഗത്തിന് നിർദ്ദേശം നൽകുമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകുമോ;

(സി) സർക്കാർ ഭരണാനുമതിയോടെ ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും ഹോസ്റ്റലിന് ഓരോ നില കൂടി നിർമ്മിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിച്ച ഫണ്ടായ 60,50,000 രൂപ അടച്ചുവെങ്കിലും കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല; പ്രസ്തുത കെട്ടിടനിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സമെന്താണ്; വിശദാംശം നൽകുമോ;

(ഡി) കെട്ടിടം പണി പൂർത്തിയാക്കാത്തതു മൂലം പല വികസന പ്രവർത്തനങ്ങൾക്കും ലഭിച്ചേക്കാവുന്ന ഗ്രാന്റ് നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

വൈക്കം താലൂക്കാശുപത്രിയിൽ കാർഡിയോളജി യൂണിറ്റ്

5036 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്ക് ആശുപത്രിയിൽ ഏതെല്ലാം വിഭാഗങ്ങളാണ് പ്രവർത്തിക്കുന്നത് ;

(ബി) ഹൃദയസംബന്ധമായ ചികിത്സയ്ക്കായി എന്തൊക്കെ സൗകര്യങ്ങളാണ് അവിടെ ഒരുക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ ആധുനിക സൗകര്യങ്ങളോടെ കാർഡിയോളജി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>പൊന്നാനി താലൂക്കാശുപത്രിയിലെ ലാബ് സൗകര്യം</u>

5037 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിനനുവദിച്ച ജില്ലാ ലാബ് നാളിതുവരെ പ്രവർത്തനം ആരംഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊന്നാനി താലൂക്കാശുപത്രിയിൽ പ്രസ്തുത ലാബ് തുടങ്ങുന്നതിന് കെട്ടിടമടക്കമുളള സൗകര്യങ്ങൾ ഒരുക്കിയതിനെ പറ്റി അറിയിക്കാമോ;

(സി) പ്രസ്തുത ലാബ് ഉടനടി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ എന്ന് തുടങ്ങാനാകും എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>മെച്ചപ്പെട്ട സർക്കാർ ആശുപത്രി</u>

5038 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ രോഗികളുടെ ബാഹുല്യം കാരണം മെച്ചപ്പെട്ട ചികിത്സ എല്ലാവർക്കും ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് ഓരോ മണ്ഡലത്തിലും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുൾപ്പെടെ മെച്ചപ്പെട്ട സൗകര്യങ്ങളോടു കൂടി ഓരോ സർക്കാർ ആശുപത്രി പ്രവർത്തിപ്പിക്കുന്നതിന് പരിഗണന നൽകുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>നേമത്തെ സർക്കാർ ആശുപത്രിയിൽ നൂതന ചികിത്സാ ഉപകരണങ്ങൾ</u>

5039 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ നൂതന ചികിത്സാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും പ്രസ്തുത ആശുപത്രികളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ റൊട്ടേഷൻ ഓഫ് ചാർജസ്</u>

5040

ശ്രീ. റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് അദ്ധ്യാപകർക്ക് യു.ജി.സി. സ്കെയിൽ നടപ്പാക്കിയപ്പോൾ വകുപ്പ് മേധാവികൾക്ക് റൊട്ടേഷൻ ഓഫ് ചാർജസ് നൽകി ഉത്തരവായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഉത്തരവ് മെഡിക്കൽ കോളേജുകളിൽ നടപ്പാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വകുപ്പ് മേധാവികളുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് റിവ്യൂ ചെയ്യേണ്ടത് ആരാണെന്നു വെളിപ്പെടുത്തുമോ;

(ഇ) സി.ആർ. റിവ്യൂ ചെയ്യുന്നതിനുള്ള അധികാരം പ്രിൻസിപ്പലിന് നൽകിയും എച്ച്.ഒ.ഡി. യ്ക്ക് റൊട്ടേഷൻ ഓഫ് ചാർജസ് അനുവദിച്ചുകൊണ്ടുമുള്ള ഉത്തരവ് അടിയന്തിരമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ആശുപത്രികളിലെ ഡോക്ടര്‍മാരുടെ സേവനം</u>

5041 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ആശുപത്രികളില്‍ വേണ്ടത്ര ഡോക്ടര്‍മാരെ ലഭ്യമാകാത്തത് സംബന്ധിച്ച് വിലയിരുത്തല്‍ നടത്തിയിട്ടുണ്ടോ;

(ബി) എങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സ്പെഷ്യലിസ്റ്റ് ഡോക്ടര്‍മാര്‍ക്ക് സ്വകാര്യ മേഖലയില്‍ വന്‍തുക ശമ്പളമായി ലഭിക്കുന്നതുകൊണ്ട് സര്‍ക്കാര്‍ മേഖലയില്‍ ജോലി ചെയ്യുവാന്‍ വിമുഖത കാണിക്കുന്നുണ്ടോ;

(ഡി) സര്‍ക്കാര്‍ ഡോക്ടര്‍മാരില്‍ ചിലര്‍ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നതും സര്‍ക്കാര്‍ നടപടികള്‍ ഉണ്ടായാല്‍ സ്വകാര്യമേഖലയില്‍ കൂടുതല്‍ മെച്ചപ്പെട്ട വേതനത്തിന് ജോലി ചെയ്യാമെന്ന വിശ്വാസത്തില്‍ ഉത്തരവാദിത്തമില്ലാതെ പ്രവര്‍ത്തിക്കുന്നതും ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) സര്‍ക്കാര്‍ മെഡിക്കല്‍ കോളേജില്‍ പഠിച്ചിറങ്ങുന്ന ഡോക്ടര്‍മാരെ സര്‍ക്കാര്‍ ആശുപത്രികളില്‍ നിലനിര്‍ത്താന്‍ എന്തെങ്കിലും പദ്ധതികള്‍ ആവിഷ്ക്കരിക്കുന്നുണ്ടോ;

(എഫ്) എങ്കില്‍ വിശാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

സര്‍ക്കാര്‍ ആശുപത്രികള്‍ക്ക് അക്രഡിറ്റേഷന്‍

5042 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ആശുപത്രികളുടെ ഗുണനിലവാരമുയര്‍ത്തി 'അക്രഡിറ്റേഷന്‍' നല്‍കുന്ന പദ്ധതി ഉടന്‍ നടപ്പിലാക്കുമോ;

(ബി) പ്രസ്തുത പദ്ധതി മൂലം ലഭ്യമാകുന്ന മെച്ചപ്പെട്ട സേവനങ്ങള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഷൊര്‍ണ്ണൂര്‍ മണ്ഡലത്തില്‍ ഏതെല്ലാം ആശുപത്രികള്‍ക്കാണ് 'അക്രഡിറ്റേഷന്‍' നല്‍കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>സർക്കാർ രേഖകൾക്ക് വിരുദ്ധമായി മൊഴി നൽകിയ ഡോക്ടർക്കെതിരെ നടപടി</u>

5043 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രേഖകൾക്ക് വിരുദ്ധമായി ഡോക്ടർമാർ കോടതികളിൽ മൊഴി നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രേഖകൾക്ക് വിരുദ്ധമായി കോടതിയിൽ പ്രതിഭാഗത്തിനനുകൂലമായി മൊഴി നൽകിയ തൃശൂർ മെഡിക്കൽ കോളേജിലെ ഡോക്ടർക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

ഡോക്ടർമാർ പ്രതിഭാഗം സാക്ഷിയായി ഹാജരാകുന്നതിനെതിരെ നടപടി

5044 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവാദ കേസുകളിൽ സർക്കാർ ഡോക്ടർമാർ പ്രതിഭാഗം സാക്ഷിയായി ഹാജരാവുകയും കേസ് അട്ടിമറിക്കാൻ ഇടയാകും വിധം മൊഴി നൽകുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് നിയന്ത്രിക്കുന്നതിനും ഇത്തരം ഡോക്ടർമാർക്കെതിരെയും എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം</u>

5045 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് കൊണ്ടു വരുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് ഇപ്പോൾ എന്തെങ്കിലും സംവിധാനമുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>പകർച്ചവ്യാധിരഹിത പദ്ധതി</u>

5046 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഒരു സമ്പൂർണ്ണ ശുചിത്വ പകർച്ചവ്യാധി രഹിത പ്രദേശമാക്കി മാറ്റുന്നതിനായി ഇതര വകുപ്പുകളുമായി ചേർന്ന് സംസ്ഥാന ആരോഗ്യ വകുപ്പ് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു; പ്രസ്തുത പദ്ധതികൾ ലക്ഷ്യ പ്രാപ്തികൈവരിക്കുന്നില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ;

(ബി) കുറ്റമറ്റ രീതിയിൽ രോഗവ്യാപന നിർമ്മാർജ്ജനം നടത്തുന്നതിനായി എന്തെല്ലാം അടിയന്തിര നടപടികൾ സ്വീകരിക്കും; വിശദമാക്കാമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>പകർച്ചവ്യാധികൾ</u>

5047 ശ്രീ. സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
,, പി. തിലോത്തമൻ
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സന്ദർശനം നടത്തിയ കേന്ദ്ര സംഘത്തിന്റെ റിപ്പോർട്ടിൽ പകർച്ചവ്യാധികൾക്കെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ അപര്യാപ്തമാണെന്ന് വ്യക്തമായിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പനി ബാധിച്ച് മരണപ്പെട്ടവർ കരൾ രോഗികളാണെന്ന് റിപ്പോർട്ടിലുളളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പനി ബാധിച്ചു മരിച്ചവരിൽ കരൾ രോഗികളായവർ എത്ര പേർ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് പകർച്ചപ്പനിമൂലം മരണം</u>

5048 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഈ വർഷം പകർച്ചപ്പനിമൂലം എത്ര പേർ മരണപ്പെട്ടിട്ടുണ്ട് ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ പകര്‍ച്ചപ്പനി വ്യാപനം</u>

5049 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മലപ്പുറം ജില്ലയില്‍ വിവിധതരം പനികള്‍ മൂലം ദിനം പ്രതി മരണം സംഭവിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഈ സാഹചര്യത്തില്‍ ആരോഗ്യമേഖലയില്‍ ഒഴിഞ്ഞു കിടക്കുന്ന തസ്തികകള്‍ നികത്താന്‍ നടപടി സ്വീകരിക്കുമോ;

(സി) മലപ്പുറം ജില്ലയില്‍ ജൂനിയര്‍ ഹെല്‍ത്ത് ഇന്‍സ്പെക്ടര്‍ തസ്തികയിലെ നിരവധി ഒഴിവുകള്‍ റിപ്പോര്‍ട്ട് ചെയ്യാത്ത വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കില്‍ അവ റിപ്പോര്‍ട്ട് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>നാദാപുരം മണ്ഡലത്തിലെ പകർച്ചവ്യാധികൾ</u>

5050 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ എലിപ്പനി മുതലായ പകർച്ചവ്യാധികൾ പിടിപ്പെട്ടവരുടെയും മരിച്ചവരുടെയും വിവരം ലഭ്യമാക്കാമോ ;

(ബി) പകർച്ചവ്യാധികൾ തടയാനായി പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

മങ്കട മണ്ഡലത്തിൽ എലിപ്പനി മൂലമുള്ള മരണം

5051 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ നിന്നും എലിപ്പനി മൂലമുള്ള മരണം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ;

(ബി) അവ ഏതെല്ലാം പഞ്ചായത്തുകളിലാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത് എന്നും എത്ര പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>പകര്‍ച്ചവ്യാധി നിയന്ത്രണ പ്രവര്‍ത്തനങ്ങള്‍</u>

5052 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പകര്‍ച്ചവ്യാധി നിയന്ത്രണത്തിനുള്ള ജില്ലയിലെ ചുമതല ജില്ലാ മെഡിക്കല്‍ ഓഫീസര്‍ക്കാണെങ്കിലും കോര്‍പ്പറേഷനുകളിലേയും മുനിസ്സിപ്പാലിറ്റികളിലേയും ആരോഗ്യ വിഭാഗം ഉദ്യോഗസ്ഥര്‍ ഡി.എം.ഒ.യുടെ നിയന്ത്രണത്തില്‍ വരുന്നില്ല എന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം ജില്ലകളില്‍ പകര്‍ച്ചവ്യാധി നിയന്ത്രണത്തിനുള്ള പ്രവര്‍ത്തനങ്ങള്‍ കാര്യക്ഷമമാകുന്നില്ല എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) എങ്കില്‍ ഇത് പരിഹരിക്കാന്‍ ആവശ്യമായ നടപടികള്‍ സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>നിർമ്മാർജ്ജനം ചെയ്ത രോഗങ്ങളുടെ തിരിച്ചുവരവ്</u>

5053 ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മാർജ്ജനം ചെയ്തു എന്നുകരുതിയ ഏതൊക്കെ രോഗങ്ങളാണ് വീണ്ടും കണ്ടെത്തിയിട്ടുള്ളതെന്നും എവിടെയെല്ലാമാണ് ഇവ റിപ്പോർട്ട് ചെയ്തതെന്നും വെളിപ്പെടുത്തുമോ;

(ബി) അപ്രകാരം റിപ്പോർട്ട് ചെയ്ത രോഗങ്ങളുടെ ഉത്ഭവ കാരണങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത രോഗങ്ങളുടെ വ്യാപനം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ന്യൂമോണിയക്കെതിരെ കാമ്പയിന്‍</u>

5054 ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ന്യൂമോണിയമൂലം സംസ്ഥാനത്തുണ്ടായിക്കൊണ്ടിരിക്കുന്ന ശിശുമരണങ്ങളുടെ വര്‍ദ്ധനവ് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ന്യൂമോണിയ വാക്സിനേഷനുമായി ബന്ധപ്പെട്ട് നിലനില്‍ക്കുന്ന ചില ആശങ്കകള്‍ ദൂരീകരിക്കുന്നതിന് ഒരു ബോധവത്കരണ പരിപാടിക്ക് രൂപം നല്‍കുമോ;

(സി) □പോളിയോ മോഡല്‍□ കാമ്പയിന്‍ ന്യൂമോണിയയുടെ കാര്യത്തിലും നടപ്പിലാക്കുമോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

പകർച്ചവ്യാധി നിയന്ത്രണത്തിന് ഫലപ്രദമായ ചട്ടങ്ങൾ

5055 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധി നിയന്ത്രണത്തിന് ഇതുവരെയും ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പകർച്ചവ്യാധി നിയന്ത്രണത്തിന് ഫലപ്രദമായ ചട്ടങ്ങൾ ആവിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>ഓട്ടിസം ബാധിച്ച കുട്ടികൾ</u>

5056 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓട്ടിസം ബാധിച്ച കുട്ടിൾക്ക് പരിശീലനം നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓട്ടിസം ബാധിച്ച കുട്ടികൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഓട്ടിസം ബാധിച്ച കുട്ടികൾക്ക് പരിശീലന കേന്ദ്രം തുടങ്ങുന്നതിന് കേന്ദ്രസഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ? ആയത് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>കാൽപ്പാദങ്ങളിൽ വിള്ളൽ</u>

5057 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിലെ എടക്കര എ.എസ്.വി. യു.പി. സ്കൂളിലെ കുട്ടികൾക്ക് കാൽപ്പാദങ്ങളിൽ വിള്ളൽ കണ്ടെത്തിയതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു;

(സി) പ്രസ്തുത സംഭവം ഒരു വിദഗ്ധ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികളിൽ പ്രകടമായ പ്രത്യേക രോഗം</u>

5058 ശ്രീ. പി. ടി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ അരീക്കോട്, ഊർങ്ങാട്ടിരി പഞ്ചായത്തുകളിലെ നിരവധി വിദ്യാർത്ഥികൾക്ക് കാൽപ്പാദത്തിന് ഒരു പ്രത്യേക രോഗം വന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത രോഗം എത്ര കാലമായി കണ്ടുവരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) പകർച്ചവ്യാധികൾ സംബന്ധിച്ച് പരിശോധിക്കാനെത്തിയ കേന്ദ്രസംഘം ഈ സ്ഥലങ്ങൾ സന്ദർശിച്ചിരുന്നുവോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള ശുപാർശ നൽകുമോ;

(എഫ്) രോഗം ബാധിച്ചവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>അനധികൃത ചികിത്സ</u>

5059 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, പി. ഉബൈദുള്ള
,, കെ. എൻ. എ. ഖാദർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ പലഭാഗങ്ങളിലും നട്ടെല്ലിനും സുഷുമ്നയ്ക്കുമുണ്ടാകുന്ന ക്ഷതങ്ങൾക്ക് അപൂർവ്വ ചികിത്സയെന്ന പേരിൽ ചികിത്സയും പരീക്ഷണവും നടത്തി വരുന്ന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതിനായി സർക്കാർ അനുമതി തേടുകയോ അതനുവദിക്കുകയോ ഉണ്ടായിട്ടുണ്ടോ;

(സി) പ്രസ്തുത ചികിത്സയുടെ ഭാഗമായ ഇൻജക്ഷന് ഭാരിച്ച തുകയാണ് ഈടാക്കുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മുൻ ജാർഖണ്ഡ് മുഖ്യമന്ത്രി പ്രസ്തുത ചികിത്സയ്ക്ക് വിധേയനായ കാര്യം അറിയാമോ; എങ്കിൽ ചികിത്സാ വിവരങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ഇ) പ്രസ്തുത ചികിത്സയുടെ ഗുണഫലങ്ങളെക്കുറിച്ച് ഏതെങ്കിലും ഏജൻസി അന്വേഷിച്ച് ഉറപ്പുവരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യത്തിൽ ഒരു സമഗ്രാന്വേഷണം നടത്താൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>അടൂർ മണ്ഡലത്തിലെ പി.എച്ച്.സി. കൾ</u>

5060 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജകമണ്ഡലത്തിൽ എത്ര പി.എച്ച്.സി. കൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പി.എച്ച്.സി. യിലും അനുവദനീയ തസ്തിക എത്രയാണെന്ന് പി.എച്ച്.സി. തിരിച്ച് വ്യക്തമാക്കാമോ;

(സി) ഓരോ പ്രാഥമിക കേന്ദ്രങ്ങളിലും നിലവിൽ ഒഴിവായിക്കിടക്കുന്ന തസ്തികകൾ ഇനം തിരിച്ച് വ്യക്തമാക്കുമോ:

(ഡി) അവയിൽ നിയമനം നടത്തുന്നതിന് നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളത്?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

സി. എച്ച്.സി. കൾ - ഫസ്റ്റ് റഫറൽ യൂണിറ്റുകൾ

5061 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സി. എച്ച്. സി.കളെ ഫസ്റ്റ് റഫറൽ യൂണിറ്റുകളാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം സി. എച്ച്. സി.കളെയാണ് പ്രസ്തുത യൂണിറ്റുകൾ ആക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ മണ്ഡലത്തിലെ പി.എച്ച്.സി.കളും സി.എച്ച്.സി.കളും</u>

5062 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ നിലവിൽ എത്ര സി.എച്ച്.സി.കളും പി.എച്ച്.സി.കളും പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത സി.എച്ച്.സി. കളിലെ ഡോക്ടർമാരുടേയും പാരാമെഡിക്കൽ സ്റ്റാഫുകളുടേയും അനുബന്ധ ജോലിക്കാരുടേയും എണ്ണം ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) വിവിധ പി.എച്ച്.സി.കളിലായി ജോലി ചെയ്യുന്ന ഡോക്ടർമാരുടേയും പാരാമെഡിക്കൽ സ്റ്റാഫുകളുടേയും അനുബന്ധ ജോലിക്കാരുടേയും എണ്ണം ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സെന്ററുകളിൽ സി.ആർ.എസ്. മുഖേന എത്ര ഡോക്ടർമാർ ജോലി നോക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

ഓമാനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

5063 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓമാനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ (മലപ്പുറം ജില്ല) ഇപ്പോൾ സി. എച്ച്. സി.യ്ക്ക് ആവശ്യമായ ഡോക്ടർമാരുടേയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും സേവനം ലഭ്യമാണോ;

(ബി) ഇല്ലെങ്കിൽ ഇവിടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>കൊണ്ടോട്ടി സി. എച്ച്. സി.</u>

5064 ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊണ്ടോട്ടി സി. എച്ച്. സിയെ ഫസ്റ്റ് റഫറൽ യൂണിറ്റോട് കൂടിയ താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>കൊയിലാണ്ടി മണ്ഡലത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകൾ</u>

5065 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ എത്ര പ്രൈമറി ഹെൽത്ത് സെന്ററുകൾ ഉണ്ട്; ഇതിന്റെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(ബി) പ്രൈമറി ഹെൽത്ത് സെന്ററുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>മങ്കട മണ്ഡലത്തിലെ സി. എച്ച്. സി. കൾ</u>

5066 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ നിലവിൽ എത്ര സി. എച്ച്. സി. കൾ ഉണ്ടെന്നും അവ ഏതെല്ലാം എന്നും വ്യക്തമാക്കാമോ ;

(ബി) സി. എച്ച്.സി യിലെ ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും പാറ്റേൺ എന്താണെന്ന് അറിയിക്കുമോ ;

(സി) മണ്ഡലത്തിലെ സി. എച്ച്. സികളിൽ ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>നഴ്സുമാരുടെ ഒഴിവുകൾ</u>

5067 ശ്രീ. ജി. സുധാകരൻ
ഡോ. കെ. ടി. ജലീൽ
ശ്രീമതി കെ. കെ. ലതിക
,, കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിൽ എത്തുന്ന രോഗികളുടെ എണ്ണത്തിന് ആനുപാതികമായി നഴ്സുമാരുടെ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ യഥാർത്ഥ ആവശ്യവും അനുവദിച്ച തസ്തികയിലുള്ളവരുടെ എണ്ണവും തമ്മിലുള്ള വ്യത്യാസം വെളിപ്പെടുത്തുമോ; പുതുതായി എത്ര നഴ്സിംഗ് തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) വിവിധ നഴ്സിംഗ് കോഴ്സുകൾ പാസ്സായി നിയമനം ലഭിക്കാതെ കഴിയുന്നവരുടെ എണ്ണം സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ സി.എച്ച്.സി. യിലെ ഡോക്ടർമാരുടെ അഭാവം പരിഹരിക്കുന്നതിന് നടപടി</u>

5068 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ കേശവപുരം സി.എച്ച്.സിയിൽ നിലവിൽ എത്ര ഡോക്ടർമാർ ലീവിൽ പ്രവേശിച്ചിട്ടുണ്ട്;

(ബി) ഡോക്ടർമാരുടെ അഭാവം ഈ ഹോസ്പിറ്റലിന്റെ പ്രവർത്തനത്തെ ബാധിച്ചിട്ടുളളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ടുണ്ടാവുന്ന പൊതുജനപ്രക്ഷോഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>പേരാവൂര്‍, ഇരട്ടി താലൂക്ക് ആശുപത്രികളിലെ ഡോക്ടര്‍മാരുടെ തസ്തികകള്‍</u>

5069 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പേരാവൂര്‍, ഇരിട്ടി താലൂക്ക് ആശുപത്രികളല്‍ എത്ര ഡോക്ടര്‍മാരുടെ തസ്തികകള്‍ അനുവദിച്ചിട്ടുണ്ട് ; എത്ര ഡോക്ടര്‍മാര്‍ ജോലി ചെയ്യുന്നുണ്ട് ; ഒഴിവുകള്‍ എത്ര ;

(ബി) പ്രസ്തുത ഒഴിവുകള്‍ നികത്തുവാന്‍ സ്വീകരിച്ച നടപടികള്‍ എന്തെല്ലാമാണ് ;

(സി) ആവശ്യമായ ഡോക്ടര്‍മാരുടെ സേവനം ഉറപ്പു വരുത്തുവാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ധര്‍മ്മടം മണ്ഡലത്തിലെ അസി: സര്‍ജന്‍മാരുടെ തസ്തിക</u>

5070 ശ്രീ. കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ധര്‍മ്മടം മണ്ഡലത്തിലെ ഇരിവേരി സി.എച്ച്.സി.യില്‍ അസി.സര്‍ജന്‍മാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഒഴിവുകള്‍ എത്രയാണെന്നും ആയത് നികത്തുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

ഫാർമസിസ്റ്റ് തസ്തിക

5071 ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1961-ൽ അംഗീകരിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് എല്ലാ സർക്കാർ ആശുപത്രികളിലും ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ ആശുപത്രികളിൽ അപ്രകാരം തസ്തിക സൃഷ്ടിച്ചിട്ടുണ്ടെന്നും ഏതൊക്കെ ആശുപത്രികളിൽ പ്രസ്തുത തസ്തിക സൃഷ്ടിച്ചിട്ടില്ലെന്നും വ്യക്തമാക്കാമോ ;

(സി) സ്റ്റാഫ് പാറ്റേൺ അനുസരിച്ച് എല്ലാ സർക്കാർ ആശുപത്രികളിലും ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II</u>

5072 ശ്രീ. തോമസ് ഉണ്ണിയാടൻ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II -ന്റ നിരവധി ഒഴിവുകൾ നിലവിൽ ഉണ്ടായിട്ടും ആയത് നികത്തുന്നതിന് നടപടികൾ ഉണ്ടാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ആരോഗ്യ മേഖലയിൽ ആവശ്യാനുസരണം ജീവനക്കാരെ നിയമിക്കുന്നതിനും മരുന്നും മറ്റ് അത്യാവശ്യ ഉപകരണങ്ങളും എത്തിക്കുന്നതിനും നടപടികൾ ഉണ്ടാകുമോ;

(സി) ആരോഗ്യ രംഗത്ത് കൈവരിച്ച നേട്ടങ്ങൾ തിരിച്ച്കൊണ്ടുവരുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

## സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ

5073 ശ്രീ. പി. എ. മാധവൻ
,, ഐ. സി. ബാലകൃഷ്ണൻ
,, പി. സി. വിഷ്ണുനാഥ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ആവശ്യം കൂടിവരുന്ന സാഹചര്യം നിലവിലുണ്ടോ;

(ബി) ഇതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ആശുപത്രികളിൽ ഡി. എൻ. ബി. കോഴ്സുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

**കൊയിലാണ്ടി താലൂക്കാശുപത്രിയിലെ ഡോക്ടർമാരുടെ ഒഴിവുകൾ**

5074 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ;

(ബി) സ്റ്റാഫ് പാറ്റേൺ പ്രകാരം അനുവദിച്ച തസ്തികകളിൽ എല്ലാം നിയമനം നടന്നിട്ടുണ്ടോ; ഇല്ലെങ്കിൽ നിയമനം നടന്നിട്ടില്ലാത്ത തസ്തികകളിൽ നിയമനം നടത്താൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഡോക്ടർ തസ്തികയിൽ ഏതെല്ലാം വിഭാഗം ഒഴിഞ്ഞ് കിടക്കുന്നു എന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; ഈ ഒഴിവുകൾ എപ്പോൾ നികത്തുമെന്ന് പറയാമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

ഡോക്ടർമാരുടെ അഭാവം

5075 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെ അഭാവം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡോക്ടർമാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ദീർഘകാലം അവധിയിലുള്ള ഡോക്ടർമാരെ പിരിച്ചുവിട്ടു പകരം ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>നേഴ്സിംഗ് അസിസ്റ്റന്റിന്റെ ഒഴിവുകൾ</u>

5076 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഡി. എം. ഒ.യുടെ കീഴിൽ നേഴ്സിംഗ് അസിസ്റ്റന്റിന്റെ എത്ര ഒഴിവുകൾ ഉണ്ട് ;

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നേഴ്സിംഗ് അസിസ്റ്റന്റിന്റെ എത്ര ഒഴിവുകൾ ഉണ്ട് ;

(സി) ഒഴിവുകൾ നികത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഒഴിവുകൾ</u>

5077 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഡോക്ടർമാരുടെയും ജീവനക്കാരുടെയും എത്ര തസ്തികൾ ഒഴിഞ്ഞു കിടക്കുന്നുണ്ട് ;

(ബി) പ്രസ്തുത ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>വൈപ്പിന്‍ സര്‍ക്കാര്‍ ആശുപത്രികളിലെ മെഡിക്കല്‍ പാരാമെഡിക്കല്‍ തസ്തികകളിലെ ഒഴിവുകള്‍</u>

5078 ശ്രീ. എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈപ്പിന്‍ മണ്ഡലത്തിലെ സര്‍ക്കാര്‍ ആശുപത്രികളില്‍ മെഡിക്കല്‍, പാരാമെഡിക്കല്‍ സ്റ്റാഫിന്റെ ഏതെല്ലാം തസ്തികകള്‍ ഒഴിഞ്ഞു കിടക്കുന്നുണ്ട് ;

(ബി) പ്രസ്തുത നിയമനം നടത്തുവാന്‍ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകൾ</u>

5079 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ആറുമാസത്തിൽ കൂടുതൽ ശൂന്യവേതനാവധി എടുത്തുപോയ സ്റ്റാഫ് നഴ്സമാരുടെ എത്ര ഒഴിവുകൾ ഉണ്ട് ;

(ബി) ഈ ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിന് തടസ്സമായി നിൽക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

മാവേലിക്കര സർക്കാർ ആശുപത്രിയിലെ ഒഴിവുകൾ

5080 ശ്രീ.ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെ കുറവുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കുറവു പരിഹരിക്കുന്നതിന് എന്തു നടപടി കൈക്കൊണ്ടുവെന്ന് അറിയിക്കാമോ ;

(സി) ഡോക്ടർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ ഒഴിവുകൾ തിട്ടപ്പെടുത്തി നികത്തുന്നനിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>നാദാപുരം ആരോഗ്യ കേന്ദ്രങ്ങളിലെ ഒഴിവുകൾ</u>

5081 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ വിവരം പഞ്ചായത്ത് തിരിച്ച് വ്യക്ത മാക്കാമോ ;

(ബി) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരി ക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>അർഹരായവർക്ക് നിയമനം</u>

5082

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡി.എച്ച്.എസ്. - ഡി.എം.ഇ. വകുപ്പുകളിലെ ഇരട്ടനിയന്ത്രണം ഒഴിവാക്കലിൽ എത്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരാണ് ഡി.എം.ഇ. യിലേയ്ക്ക് ഓപ്ഷൻ നൽകിയതെന്ന് വിശദമാക്കാമോ;

(ബി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ ഡി.എം.ഇ. യിലേയ്ക്ക് നിയമിക്കാൻ സ്വീകരിച്ച മാനദണ്ഡപ്രകാരം അടിസ്ഥാന സീനിയോറിറ്റി കണക്കാക്കിയത് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മാനദണ്ഡ പ്രകാരം അപേക്ഷ നൽകിയ എല്ലാ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും വിവരം ലഭ്യമാക്കാമോ;

(ഡി) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ഡി.എച്ച്.എസ്.-ന്റെ ലിസ്റ്റിൽ ഉൾപ്പെട്ട് ഡി.എം.ഇ.ക്ക് കീഴിൽ നിയമനം നേടിയ അനർഹരെ ഒഴിവാക്കി, അർഹരായവർക്ക് നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം</u>

5083

ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 2010 ഡിസംബർ മാസം ഫുൾടൈം സ്വീപ്പർ ഒഴിവിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് എത്ര പേരുടെ ലിസ്റ്റ് ആണ് നാമനിർദ്ദേശം ചെയ്ത് അയച്ചിരുന്നത്;

(ബി) പ്രസ്തുത ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഒഴിവ് താല്ക്കാലികമായിരുന്നുവോ; സ്ഥിരമായിരുന്നുവോ;

(ഡി) പ്രസ്തുത ലിസ്റ്റ് പ്രകാരം നാമനിർദ്ദേശം ചെയ്തിരുന്നവരുടെ ഇന്റർവ്യൂ എന്നാണ് നടത്തിയത് എന്നു വ്യക്തമാക്കുമോ;

(ഇ) എത്ര പേരെ തെരഞ്ഞെടുത്തുവെന്നും അവർ ആരെല്ലാമെന്നും ഏതെല്ലാം തീയതികളിൽ ജോലിയിൽ പ്രവേശിച്ചുവെന്നും വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

ഡി. എച്ച്. എസ് - ഡി. എം. ഇ. ഇരട്ട നിയന്ത്രണം

5084 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡി. എച്ച്. എസ് - ഡി. എം.ഇ ഇരട്ട നിയന്ത്രണം ഒഴിവാക്കുന്നതിന്റെ ഭാഗമായി ഡി. എം. ഇ. യിലേക്ക് ഓപ്ഷൻ നൽകിയ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തികയിൽപ്പെട്ട ജീവനക്കാരുടെ ലിസ്റ്റ് അവരുടെ സീനിയോറിറ്റി ക്രമത്തിൽ നൽകുമോ ;

(ബി) സീനിയോറിറ്റി കണക്കാക്കിയതിന്റെയും നിയമനം നൽകിയതിന്റെയും മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 24.10.2011-ലെ മറുപടിക്ക്

നിയമന ശുപാർശ അയയ്ക്കേണ്ടതില്ലായെന്ന നിർദ്ദേശം

5085

ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ നിന്ന് മലപ്പുറം ഒഴികെയുള്ള 13 ജില്ലകളിൽ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് നിയമന ശുപാർശ അയയ്ക്കേണ്ടതില്ലായെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇതുമൂലം പിന്നോക്ക വിഭാഗങ്ങൾക്കായി സംവരണം ചെയ്ത ഒഴിവുകൾ അവർക്ക് നഷ്ടപ്പെടുന്ന സ്ഥിതി വിശേഷം ഉണ്ടാകുന്നുണ്ടോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഹൗസ് കീപ്പിംഗ്</u>

5086 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഹൗസ് കീപ്പിംഗ് വിഭാഗത്തിൽ ഹെൽത്ത് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ടോ ;

(ബി) ഇതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത വിഭാഗത്തിൽ ടെക്നിക്കൽ ഓഫീസർ ഉൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) മെഡിക്കൽ കോളേജ് ആശുപത്രികളിൽ മാലിന്യ നിർമ്മാർജ്ജനത്തിന് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>പാരാമെഡിക്കൽ കൗൺസിലിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി</u>

5087 ശ്രീ. ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ
,, വി. പി. സജീന്ദ്രൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരാമെഡിക്കൽ കൗൺസിൽ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കൗൺസിൽ ഏതെല്ലാം കോഴ്സുകളാണ് നടത്തിവരുന്നത്;

(സി) അതിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ എവിടെയാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ</u>

5088 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്നാണ് പ്രവർത്തനം ആരംഭിച്ചതെന്നും അതിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്

5089 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ പ്രക്ടീസ് നിരോധനം നിലവിൽ വന്നതിന് ശേഷം നിയമ വിരുദ്ധമായി സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർക്കെതിരെ പരാതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>സ്വാശ്രയ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ്</u>

5090 ശ്രീ.ജി. സുധാകരൻ
,, എ. പ്രദീപ് കുമാർ
,, കോലിയക്കോട് എൻ.കൃഷ്ണൻ നായർ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ നഴ്സിംഗ് വിദ്യാർത്ഥികൾക്ക് പഠനത്തിനു ശേഷം ഒരു വർഷത്തെ ഇന്റേൺഷിപ്പ് ഏർപ്പെടുത്താൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് നഴ്സിംഗ് വിദ്യാർത്ഥികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രതിവർഷം എത്ര വിദ്യാർത്ഥികൾ സംസ്ഥാനത്ത് നഴ്സിംഗ് കോളേജുകളിൽ പ്രവേശനം നേടുന്നുണ്ട്;

(ഡി) നഴ്സിംഗ് കോഴ്സ് വിജയകരമായി പൂർത്തിയാക്കി, തൊഴിൽരഹിതരായി കഴിയുന്നവരുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) സ്വകാര്യമേഖലയിലും സർക്കാർ മേഖലയിലും നഴ്സിംഗ് കോഴ്സുകൾ നടത്തുന്ന എത്ര സ്ഥാപനങ്ങളുണ്ട്; മൊത്തം സീറ്റുകൾ എത്ര;

(എഫ്) സ്വകാര്യ മേഖലയിൽ പുതിയ നഴ്സിംഗ് കോളേജുകൾക്ക് അനുവാദം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>മാവേലിക്കരയിൽ സർക്കാർ നഴ്സിംഗ് കോളേജ്</u>

5091 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ഗവൺമെന്റ് നഴ്സിംഗ് കോളജിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

## കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>നഴ്സിംഗ് കോളേജുകൾ</u>

5092 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ സർക്കാർ നേരിട്ട് നടത്തുന്ന എത്ര നഴ്സിംഗ് കോളേജുകൾ നിലവിലുണ്ട്; പ്രസ്തുത കോളേജുകളിൽ ഏതെല്ലാം കോഴ്സുകളാണുള്ള തെന്നും, എത്ര കുട്ടികൾക്ക് പഠനസൗകര്യം ലഭിക്കുമെന്നും വ്യക്തമാക്കാമോ;

(ബി) സർക്കാർ മേഖലയിൽ പുതുതായി നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിലേക്കായി നിശ്ചയിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശവും, മാനദണ്ഡങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ മേഖലയിൽ പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ആലപ്പുഴ മെഡിക്കൽ കോളജ്</u>

5093 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളജിൽ ന്യൂറോളജി, അസ്ഥി രോഗം എന്നീ വിഭാഗങ്ങളിൽ എത്ര ഡോക്ടർമാരാണ് നിലവിലുളളത്; ഈ വിഭാഗങ്ങളിലെ പ്രധാന ഡോക്ടർമാരുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ഇടുങ്ങിയ മുറിയിൽ പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത മെഡിക്കൽ കോളജിനെ സ്വയംപര്യാപ്തമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

മെഡിക്കല്‍ കോളജുകളിലെ എം.ബി.ബി.എസ്.
സംവരണ സീറ്റുകള്‍

5094 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ മെഡിക്കല്‍ കോളജുകളില്‍ എം.ബി.ബി.എസ്.നും പി.ജി. കോഴ്സുകള്‍ക്കും ആകെ എത്ര വിദ്യാര്‍ത്ഥികള്‍ക്ക് പ്രവേശനം നല്‍കിവരുന്നു ;

(ബി) ഇതില്‍ പട്ടികജാതിക്കാര്‍ക്കും പട്ടികവര്‍ഗ്ഗക്കാര്‍ക്കും എത്ര സീറ്റുകള്‍ വീതം സംവരണം ചെയ്തിട്ടുണ്ട് ;

(സി) മറ്റ് പിന്നോക്കവിഭാഗങ്ങള്‍ക്ക് നല്‍കിവരുന്ന സീറ്റുകളുടെ എണ്ണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>പി. ജി. കോഴ്സുകൾ</u>

5095 ശ്രീ. തോമസ് ഉണ്ണിയാടൻ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ പി. ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ;

(ബി) സർക്കാർ മെഡിക്കൽ കോളജുകളിൽ കൂടുതൽ പി. ജി. കോഴ്സുകൾ അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>സ്വകാര്യ ആശുപത്രിയിലെ വെന്റിലേറ്റർ ചികിത്സ</u>

5096 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ശ്രീ. ഉത്രാടം തിരുനാൾ ഹോസ്പിറ്റലിൽ രോഗികളെ ആവശ്യമില്ലാതെ വെന്റിലേറ്ററിലും, ഐ.സി.യു.വിലും മറ്റും പ്രവേശിപ്പിച്ച് അമിതമായ ചാർജ്ജ് ഈടാക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ചികിത്സയിലിരിക്കെ മരണമടയുന്ന രോഗികളുടെ മൃതദേഹം ആശുപത്രി ഫീസ് യഥാസമയം അടയ്ക്കാൻ കഴിഞ്ഞില്ല എന്ന കാരണത്താൽ വിട്ടുനൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്വകാര്യ ആശുപത്രികളിലെ അനാവശ്യ ചികിത്സാരീതികളും അമിത ഫീസ് ഈടാക്കലും നിയന്ത്രിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നത് എന്നു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>സ്വകാര്യ സ്കാനിംഗ് സെന്ററിലെ അമിത നിരക്ക്</u>

5097 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ സ്കാനിംഗ് സെന്ററുകൾ രോഗികളിൽ നിന്ന് ഉയർന്ന നിരക്കിൽ ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ചാർജ് ഏകീകരിച്ച് സർക്കാർ ആശുപത്രികളിലേതിന് തുല്യമാക്കാൻ എൻ.ആർ.എച്ച്.എം. ന്റെ സഹകരണത്തോടെ എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ ;

(സി) പ്രസ്തുത പദ്ധതി എറണാകുളം ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ

(ഡി) എങ്കിൽ എന്നു മുതലായിരിക്കും എന്നു വ്യക്തമാക്കാമോ ;

(ഇ) എറണാകുളം ജില്ലയിലെ ഏതെല്ലാം ആശുപത്രികളുടെ സമീപത്തുള്ള സ്കാനിംഗ് സെന്ററുകളിലാണ് പ്രസ്തുത ഏകീകൃത നിരക്ക് നടപ്പിലാക്കാനുദ്ദേശിച്ചിട്ടുള്ളത് ;

(എഫ്) നിർധനരായ രോഗികൾക്ക് അത് എങ്ങനെയെല്ലാം പ്രയോജനപ്രദമാകും എന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

നേമത്തെ സർക്കാർ സ്വകാര്യ അലോപ്പതി ആശുപത്രികൾ

5098 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം മണ്ഡലത്തിലെ അലോപ്പതി ആശുപത്രികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) സർക്കാർ മേഖലയിൽ എത്ര അലോപ്പതി ആശുപത്രികളാണ് പ്രസ്തുത മണ്ഡലത്തിൽ ഉള്ളത് ;

(സി) സ്വകാര്യ മേഖലയിൽ എത്രയെണ്ണമാണ് ഉള്ളത്; അവ ഏതൊക്കെയാണെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>സ്വകാര്യ ആശുപത്രികളിലെ ഫീസ് നിരക്ക്</u>

5099 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സ്വകാര്യ മേഖലയില്‍ പ്രവര്‍ത്തിക്കുന്ന ആശുപത്രികളും, ലാബുകളും ഡോക്ടര്‍മാരും രോഗികളില്‍ നിന്ന് ഓരോ ഇനത്തിലും ഈടാക്കേണ്ട ഫീസ് എത്രയെന്ന് സര്‍ക്കാര്‍ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കില്‍ ഇക്കാര്യത്തില്‍ ഇടപെടാനും ഫീസ് നിശ്ചയിക്കാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>സ്വകാര്യ മാനസികാരോഗ്യകേന്ദ്രങ്ങൾ</u>

5100 ശ്രീ.റ്റി. എൻ. പ്രതാപൻ
,, കെ. അച്ചുതൻ
,, വർക്കല കഹാർ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിന് അംഗീകാരം ആവശ്യമുണ്ടോ;

(ബി) ഇത്തരം കേന്ദ്രങ്ങൾക്ക് അംഗീകാരം നൽകുന്നത് ആരാണ് ;

(സി) അംഗീകാരമില്ലാതെ ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പരിശോധന നടത്തി അർഹതയുള്ള കേന്ദ്രങ്ങൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ദേശീയ മാനസിക ആരോഗ്യ പദ്ധതി</u>

5101 ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ശാരീരിക ആരോഗ്യ പരിപാലന മേഖലയിലെ പ്രവര്‍ത്തനങ്ങളെ അപേക്ഷിച്ച് മാനസിക ആരോഗ്യ പരിപാലന മേഖലയിലെ പ്രവര്‍ത്തനങ്ങള്‍ വളരെ പരിമിതമാണെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) അത്മഹത്യാ നിരക്ക്, മദ്യം, മയക്കുമരുന്ന് ഉപഭോഗം, ലൈംഗിക കുറ്റകൃത്യങ്ങള്‍ എന്നിവയുടെ ഗണ്യമായ വര്‍ദ്ധനവുകള്‍ നിയന്ത്രിക്കുവാന്‍ മാനസിക ആരോഗ്യ കാമ്പയിനുകള്‍ അനിവാര്യമാണെന്ന് കരുതുന്നുണ്ടോ;

(സി) എങ്കില്‍ പുതിയതായി എന്തെങ്കിലും പദ്ധതികള്‍ നടപ്പിലാക്കുവാന്‍ ആലോചിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ;

(ഡി) മാനസിക ആരോഗ്യ പരിപാലന രംഗത്ത് പ്രവര്‍ത്തിക്കുന്ന സന്നദ്ധസംഘടനകള്‍ക്ക് സര്‍ക്കാര്‍ എന്തെങ്കിലും പ്രോത്സാഹനം നല്‍കുന്നുണ്ടോ;

(ഇ) എങ്കില്‍ വിശദാംശം അറിയിക്കുമോ;

(എഫ്) 1982-ല്‍ ആരംഭിച്ച ദേശീയ മാനസിക ആരോഗ്യ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുവാന്‍ കേന്ദ്ര സര്‍ക്കാരില്‍ സമ്മര്‍ദ്ദം ചെലുത്തുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ബാലുശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ചികിത്സ</u>

5102 ശ്രീ.പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഇൻഹാൻസിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന മാനസികാരോഗ്യ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സെന്ററിൽ എത്തിച്ചേരുന്ന രോഗികൾക്കുവേണ്ടി ആഴ്ചയിൽ ഒരു ദിവസം മാനോരോഗ ചികിത്സകന്റെ സേവനം ലഭ്യമാക്കാമോ ;

(സി) അതിനു തടസ്സമുണ്ടെങ്കിൽ സേവന സന്നദ്ധരായ റിട്ടയർ ചെയ്ത സർക്കാർ ഡോക്ടർമാർക്ക് യാത്രാ ബത്ത നൽകാൻ ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

അത്യാവശ്യ മരുന്നുകളുടെ ലഭ്യത

5103 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഗുരുതരമായ രോഗചികിത്സയ്ക്ക് ആവശ്യമായ മരുന്നുകൾ എല്ലാ ആശുപത്രികളിലും ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>പനി മരണം</u>

5104 ശ്രീ. എം. ചന്ദ്രൻ
,, എ.എം. ആരിഫ്
,, ബാബു എം. പാലിശ്ശേരി
ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പനിമരണം ഇപ്പോൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റിപ്പോർട്ടു ചെയ്ത മരണങ്ങൾ എത്രയാണ്;

(ബി) സർക്കാർ ആശുപത്രികളിൽ ജീവൻരക്ഷാ മരുന്നുകൾ ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആശുപത്രികളിലെ ഡോക്ടർമാരുടെയു പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഒഴിവുകൾ ഉടൻ നികത്തുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പനിമരണം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഒഴിവുകൾ അടിയന്തിരമായി നികത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>മരുന്നുകൾ സൂക്ഷിക്കുന്നതിന് സംവിധാനം</u>

5105

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ മരുന്നുകൾ സ്റ്റോറേജ് ചെയ്ത് സൂക്ഷിക്കുന്നതിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്;

(ബി) ജില്ലാ, താലൂക്ക്, സി.എച്ച്.സി., പി.എച്ച്.സി. എന്നിവിടങ്ങളിൽ നിലവിലുള്ള സംവിധാനം പ്രത്യേകം പ്രത്യേകം വിശദീകരിക്കാമോ;

(സി) സ്റ്റോറേജ് സംവിധാനം നവീകരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>തൃക്കരിപ്പൂരിലെ സഞ്ചരിക്കുന്ന ഡിസ്പെൻസറി</u>

5106 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മലയോര മേഖലയിലെയും, തീരദേശ മേഖലയിലെയും ജനങ്ങൾക്ക് ഉപയുക്തമാകുന്ന രീതിയിൽ കാസർഗോഡ് തൃക്കരിപ്പൂരിൽ ആരംഭിച്ച സഞ്ചരിക്കുന്ന ഡിസ്പെൻസറിയിൽ സ്ഥിരം ജീവനക്കാരെ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>കൊയിലാണ്ടി മണ്ഡലത്തിൽ ആയുർവേദ ഡിസ്പെൻസറികൾ</u>

5107 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ തിക്കോടി, പയ്യോളി എന്നിവിടങ്ങളിൽ മുൻസർക്കാരിന്റെ കാലത്ത് അനുവദിച്ച ആയുർവേദ ഡിസ്പെൻസറികൾ എപ്പോൾ നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഡിസ്പെൻസറികൾ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ പൂർത്തിയായിട്ടുണ്ട്?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>ആയുർവേദ ഡിസ്പെൻസറികൾ</u>

5108 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതെല്ലാം ;

(ബി) എങ്കിൽ പ്രസ്തുത പഞ്ചായത്തുകളിൽ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നു വ്യക്തമാക്കുമോ;

(സി) ഭൗതിക സൗകര്യങ്ങളുള്ള ആയുർവേദ ഡിസ്പെൻസറികളെ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>സ്വകാര്യ ഏജൻസികൾ മരുന്ന് വിപണിയിൽ നടത്തുന്ന ഇടപെടൽ</u>

5109 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മരുന്ന് വിതരണത്തിനുള്ള സ്വകാര്യ ഏജൻസികൾ മരുന്ന് വിപണിയിൽ നിയമവിരുദ്ധമായി നടത്തുന്ന ഇടപെടൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനെ നേരിടാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ഡ്രഗ്സ് കൺട്രോളർ നിയമനം</u>

5110 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് അന്വേഷണം നേരിടുന്ന വ്യക്തിയെ സീനിയോറിട്ടിമറികടന്ന് സംസ്ഥാന ഡ്രഗ്സ് കൺട്രോളറായി നിയമിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിലുള്ള വസ്തുതകൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ</u>

5111 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും ഡ്രഗ്സ് ഇൻസ്പെക്ടർ തസ്തികയിലുള്ള ഒഴിവുകൾ നികത്താതെ താത്ക്കാലിക സംവിധാനം തുടരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും ഒഴിവുകൾ അടിയന്തിരമായി നികത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

ശ്രീ. അബ്ദുറഹിമാന്റെ പെൻഷൻ

5112 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെങ്ങറോത്ത് പി.എച്ച്.സി.യിലെ ഫാർമസിസ്റ്റായിരുന്ന ശ്രീ. അബ്ദുറഹിമാൻ, ബിസ്മി, കൊട്ടപ്പുറം, അന്തിയൂർകുന്ന് പി.ഒ., മലപ്പുറം ജില്ല - നെ സർവ്വീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ഉത്തരവായിട്ടുണ്ടോ ;

(ബി) എങ്കിൽ നീക്കം ചെയ്തതിനുള്ള കാരണമെന്ത് ; ഉത്തരവിന്റെ പകർപ്പ് സഹിതം വിശദാംശം നല്കുമോ ;

(സി) സർവ്വീസിൽ നിന്നുവിരമിച്ചതിന് ശേഷമാണോ ഇദ്ദേഹത്തിനെ നീക്കം ചെയ്തുകൊണ്ട് ഉത്തരവായിട്ടുള്ളത് ;

(ഡി) കെ.സി.എസ് (സി.സി& എ) റൂൾസിലെ 15 പ്രകാരമുള്ള അന്വേഷണം നടത്തിയിട്ടാണോ ഇദ്ദേഹത്തിനെതിരെ നടപടി സ്വീകരിച്ചിട്ടുള്ളത് ;

(ഇ) ഇത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 14.6.10 ലെ ഇസി6/37683/09/സി.എച്ച്.എസ് നമ്പർ കത്തിന്മേൽ എന്തെല്ലാം തുടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(എഫ്) മതിയായ അന്വേഷണം നടത്താതെയും വിശദീകരണം കേൾക്കാതെയും സർവ്വീസിൽ നിന്നും നീക്കം ചെയ്യപ്പെട്ട ശ്രീ അബ്ദുൾ റഹിമാന് മിനിമം പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

ഫാർമസിസ്റ്റുകളുടെ കുറവ്

5113 ശ്രീ. കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1961-ലെ സ്റ്റാഫ് പാറ്റേൺ (ജി.ഒ.(എം.എസ്)3150/61/ഹെൽത്ത്, 2.8.61) അനുസരിച്ചും 2008-ലെ സ്റ്റാന്റർഡൈസേഷൻ ഉത്തരവ് (568/08/ ഒ&എണഉ/ 6.11.2008) പ്രകാരവും ഓരോ ജില്ലയിലും എത്ര ഫാർമസിസ്റ്റുമാരുടെ കുറവുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭിക്കുമോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) മേൽ പറഞ്ഞ ഉത്തവു പ്രകാരം ഡി.എം. ഇ യുടെ കീഴിൽ വരുന്ന മെഡിക്കൽ കോളേജുകളിൽ എത്ര ഫാർമസിസ്റ്റുകളുടെ കുറവുണ്ടെന്നും ഓരോ മെഡിക്കൽ കോളേജിലും ഒ.പി. സ്ട്രെംങ്ത്, ബെഡ് സ്ട്രെംങ്ത് എന്നിവയുടെ അടിസ്ഥാനത്തിൽ കുറവുളള ഫാർമസിസ്റ്റിന്റെ എണ്ണം എത്ര എന്നും ഈ കുറവ് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ:

(സി) സ്റ്റാഫ് പാറ്റേൺ കാലോചിതമായി പുതുക്കി നിശ്ചയിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയത് എപ്പോൾ മുതൽ നടപ്പിലാക്കും എന്ന് അറിയിക്കുമോ;

(ഡി) കഴിഞ്ഞ 10 വർഷത്തിനകം ആശുപത്രികളുടെ ഗ്രേഡുകൾ ഉയർത്തിയതിന് ആനുപാതികമായി ഓരോ ജില്ലയിലും എത്ര ആശുപത്രികളിൽ ഫാർമസിസ്റ്റ് തസ്തിക അനുവദിച്ചിട്ടുണ്ട്; ഫാർമസിസ്റ്റുകളുടെ കുറവ് എപ്പോൾ പരിഹരിക്കുമെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ - സ്വകാര്യ ആശുപത്രികളിലെ</u>
<u>മലിനീകരണ നിയന്ത്രണ സംവിധാനം</u>

5114 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ സ്വകാര്യ ആശുപത്രികളിലെ മലിനീകരണ നിയന്ത്രണ സംവിധാനം ഫലപ്രദമല്ലെന്നും പലതും പ്രവര്‍ത്തിപ്പിക്കാറില്ലെന്നുമുള്ള കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ പ്രസ്തുത സംവിധാനം ഫലപ്രദമായി പ്രവര്‍ത്തിപ്പിക്കാന്‍ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

മാലിന്യസംസ്കരണ പ്ലാന്റുകൾ

5115 ശ്രീമതി കെ.കെ.ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖര-ദ്രവ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരം ആവശ്യമാണോ ;

(ബി) ഏതെല്ലാം തരത്തിലുള്ള പ്ലാന്റുകൾക്കാണ് ബോർഡിന്റെ അംഗീകാരം വാങ്ങേണ്ടതെന്നും ആയത് ലഭിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

ഇ - വേസ്റ്റ് നിർമ്മാർജനം

5116

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ - വേസ്റ്റ് നിർമ്മാർജനത്തിന് മലിനീകരണ നിയന്ത്രണ ബോർഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പാഴ് ഇലക്ട്രോണിക് വസ്തുക്കൾ കുന്നുകൂടുന്നത് തടയുവാൻ മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പാഴ് ഇലക്ട്രോണിക് വസ്തുക്കൾ സംഭരിച്ച് പുന:ചംക്രമണം നടത്താത്ത ഏതെങ്കിലും ഉല്പാദകർക്കെതിരെ മലിനീകരണ നിയന്ത്രണ ബോർഡ് നടപടിയെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മാ പരിശോധന</u>

5117 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ ഉത്തരവ് ഭക്ഷ്യ വസ്തുക്കളുടെയും കുപ്പികളിലെ കുടിവെള്ളത്തിന്റെയും ഗുണമേന്മാ പരിശോധനാ നടപടികൾക്ക് തടസ്സമുണ്ടാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ എന്ത് നടപടിയാണ് ഈ വിഷയത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

ആയൂർവേദ ആശുപത്രികൾ ആരംഭിക്കുവാൻ നടപടി

5118 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും ആയൂർവേദ ഹോമിയോ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ആയൂർവേദ ഹോമിയോ ആശുപത്രികൾ എത്ര പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നുണ്ട് ;

(സി) ആയൂർവേദ ആശുപത്രി ഇല്ലാത്ത പഞ്ചായത്തുകളിൽ അവ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>സാന്ത്വന പരിചരണ പദ്ധതി</u>

5119 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാന്ത്വന പരിചരണ പദ്ധതി ഏതെല്ലാം വിഭാഗങ്ങളുടെ പങ്കാളിത്തത്തോടുകൂടിയാണ് നടപ്പിലാക്കി വരുന്നത് ;

(ബി) ഹോമിയോപ്പതി, ആയൂർവേദ വിഭാഗങ്ങളെ സാന്ത്വന പരിചരണ പദ്ധതിയുടെ ഭാഗമാക്കിയിട്ടില്ലെങ്കിൽ പ്രസ്തുത വിഭാഗങ്ങളെ സാന്ത്വന പരിചരണ പദ്ധതിയുടെ ഭാഗമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

ഹോമിയോ ജീവനക്കാരുടെ വേതനം

5120 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ. ആർ. എച്ച്. എം. - ആരോഗ്യ കേരളം പദ്ധതിപ്രകാരം ആരംഭിച്ച ഹോമിയോ ഡിസ്പെൻസറികളിലെ ഫാർമസിസ്റ്റ്, അറ്റൻഡർ, സ്വീപ്പർ എന്നിവർക്ക് വേതനം നൽകുന്നത് ആരാണെന്ന് വ്യക്തമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 20.12.2010ലെ 46727/എ3/10 നമ്പർ സർക്കുലർ പ്രകാരം ഇവരുടെ വേതനം നിർത്തലാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത തസ്തികയിലുള്ളവർക്ക് വേതനം തടസ്സംകൂടാതെ നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

ഹോമിയോ ഡിസ്പൻസറികൾ

5121 ശ്രീ. വി. റ്റി. ബൽറാം
'' പി. സി. വിഷ്ണുനാഥ്
'' അൻവർ സാദത്ത്
'' ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹോമിയോ ഡിസ്പെൻസറികൾ ശക്തിപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് കൈകൊണ്ടിട്ടുള്ളത്;

(ബി) നിലവിലുള്ള ഡിസ്പെൻസറികളിൽ ക്ലിനിക്കൽ സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുമോ;

(സി) ഉത്സവകാലത്ത് തീർത്ഥാടന കേന്ദ്രത്തിൽ താൽക്കാലിക ഡിസ്പെൻസറികൾ ആരംഭിക്കാൻ നടപടി എടുക്കുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

**കല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ഹോമിയോ ഡിസ്പെൻസറികൾ**

5122 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര ഹോമിയോ ഡിസ്പെൻസറികൾ നിലവിലുണ്ട്; അവയിൽ സ്വന്തമായി കെട്ടിടമില്ലാത്തവ എത്ര എണ്ണം;

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത ഹോമിയോ ഡിസ്പെൻസറികൾക്ക് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>നാട്ടിക നിയോജകമണ്ഡലത്തിലെ ഹോമിയോ ഡിസ്പെൻസറികൾ</u>

5123 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ നാട്ടിക നിയോജകമണ്ഡലത്തിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>കയർ ഗ്രാമം പദ്ധതി</u>

5124 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര കയർ ഗ്രാമങ്ങളാണ് തെരഞ്ഞെടുക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) വൈപ്പിൻ മണ്ഡലത്തിന് കയർ ഗ്രാമത്തിനാവശ്യമായ സർക്കാർ വക സ്ഥലം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കയർ ഗ്രാമം പദ്ധതിയിൽ വൈപ്പിൻ മണ്ഡലത്തെ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

കയർമേഖലയിൽ വരുമാനവർദ്ധന പദ്ധതി

5125 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ രംഗത്തെ വരുമാന വർദ്ധന പദ്ധതിയിൽ (Income Support Project) ഓരോ പ്രോജക്ടിലും ഇതുവരെ എത്ര സ്വകാര്യ ഉല്പാദകർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) രജിസ്റ്റർ ചെയ്ത ഓരോ സ്വകാര്യ ഉല്പാദകരിൽ നിന്നും കയർഫെഡ് ശേഖരിച്ച കയറിന്റെ തൂക്കം, വില എന്നിവയുടെ വിശദമായ വിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇതിനായി മുൻസർക്കാർ ലഭ്യമാക്കിയ 20 കോടി രൂപയിൽ എത്ര രൂപ ചെലവഴിച്ചുവെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) കയർ വികസന ഡയറക്ടറുടെ ജോയിന്റ് അക്കൗണ്ടിൽ ഇപ്പോൾ എത്ര കോടി രൂപ നീക്കിയിരിപ്പുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

'ഒരു വീട്ടിൽ ഒരു കയറുല്പന്നം'

5126 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തു നടപ്പിലാക്കിയ 'ഒരു വീട്ടിൽ ഒരു കയറുല്പന്നം' പദ്ധതിയനുസരിച്ച് എത്ര ലക്ഷം രൂപയുടെ ഉല്പന്നങ്ങൾ വില്പന നടത്തിയിട്ടുണ്ട് ;

(ബി) പ്രസ്തുത പദ്ധതിയുടെ വ്യാപനം എത്ര വീടുകളിൽ എത്തിയിട്ടുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ നിലവിലുള്ള അവസ്ഥ അറിയിക്കുമോ ;

(ഡി) ഇല്ലെങ്കിൽ കയറുല്പന്നങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നതു പ്രോത്സാഹിപ്പിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

പുതിയ കയർപിരിയന്ത്രം

5127 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.സി.ആർ.എം.ഐ - യിൽ പുതിയ കയർ പിരി യന്ത്രം ആവിഷ്കരിക്കുവാനുള്ള പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത യന്ത്രം നിർമ്മിക്കുവാനുള്ള പ്രവർത്തനം എന്ന് ആരംഭിച്ചുവെന്നും, അതിനായി കണ സൾട്ടൻസിയെ നിയോഗിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) കൺസൾട്ടൻസിക്ക് ഇതുവരെ എത്ര തുക ചെലവായി എന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത യന്ത്രം ഗുണഭോക്താക്കൾക്ക് മുന്നിൽ എന്ന് പ്രദർശിപ്പിക്കുന്നതിനാണ് എൻ.സി.ആർ.എം.ഐ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>ഗുണമേന്മയുള്ള ചകിരി ഉല്പാദനം</u>

5128 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ ഉല്പന്നത്തിനാവശ്യമായ ചകിരിയുടെ ഉല്പാദനത്തിന് പരമ്പരാഗതവും ശാസ്ത്രീയവുമായ ഏതെല്ലാം രീതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ബ്രൗൺ ഫൈബർ, വൈറ്റ് ഫൈബർ, ഗോൾഡൻ ഫൈബർ എന്നിവ ഏതെല്ലാം തരത്തിൽ സംസ്കരിച്ചുണ്ടാക്കുന്ന ചകിരിയിനമാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിൽ ഗുണമേന്മയും ഈടുനിൽക്കുകയും ചെയ്യുന്നത് ഏതുതരം ഫൈബറിനമാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഏറ്റവും ഗുണമേന്മയുള്ള ചകിരി ഉല്പാദനത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

പി.എം.ഐ നൽകുന്നതിലെ അപാകത

5129 ശ്രീ. പി തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ പ്രൈമറി സംഘങ്ങൾക്ക് നൽകിവരുന്ന പി.എം.ഐ , കയർ ഉത്പാദിപ്പിച്ച് കയർഫെഡിന് നൽകിയാൽ മാത്രമേ ലഭിക്കുന്നുള്ളു എന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(ബി) ഇത് കയർഫെഡിന് മാത്രം നൽകുന്നത് പി.എം.ഐ റൂളിന് വിരുദ്ധമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കയർഫെഡിലും കയർമാറ്റ്സ് ആന്റ് മാറ്റിംഗ് സംഘങ്ങൾക്കും നൽകുന്ന ഉത്പന്നങ്ങൾക്കും പി. എം. ഐ നൽകുന്നതിന് നടപടി കൈക്കൊള്ളുമോ;

(സി) നിലവിൽ കയർഫെഡിന് നൽകുന്ന ഉത്പന്നങ്ങൾക്കു മാത്രം പി. എം. ഐ നൽകുന്നതുമൂലം പ്രൈമറി സംഘങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(ഡി) കയർമേഖലയിലെ കൂലിവർദ്ധനവ് അടക്കമുള്ള വിഷയങ്ങൾ സംബന്ധിച്ച് ബഹു. കയർ വകുപ്പു മന്ത്രി കൂടി പങ്കെടുത്ത 2011 ആഗസ്റ്റ 7-ലെ യോഗ തീരുമാനം നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വെളിപ്പെടുത്താമോ;

(ഇ) പ്രസ്തുത തീരുമാനം നടപ്പിലാക്കാത്ത കയറ്റുമതിക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് സഹായം</u>

5130 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശാരീരിക അവശതമൂലം ജോലി ചെയ്യാനാവാത്ത കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളായ കയർ തൊഴിലാളികൾക്ക് പ്രതിമാസ സഹായമായി എത്ര രൂപ വീതമാണ് നൽകുന്നത്; പ്രസ്തുത സഹായം ലഭ്യമാക്കാൻ വേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) 044-0159 - ാം നമ്പർ ക്ഷേമനിധി അംഗത്വമുള്ള രോഗിയായ ശ്രീമതി സതിയമ്മ, പെരുമ്പള്ളിൽ വീട്, തണ്ണീർമുക്കം പി. ഒ., ചേർത്തല എന്ന വ്യക്തിക്ക് മേൽപറഞ്ഞ സാമ്പത്തിക സഹായം ഇപ്പോൾ നൽകാത്തത് എന്തുകൊണ്ടാണ്;

(സി) പ്രസ്തുത സാമ്പത്തിക സഹായം ശ്രീമതി സതിയമ്മയ്ക്ക് ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

<u>തൊണ്ടുശേഖരണ കണ്‍സോര്‍ഷ്യങ്ങള്‍</u>

5131 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കയര്‍ വികസന വകുപ്പിന്റെ ചുമതലയില്‍ എത്ര തൊണ്ടുശേഖരണ കണ്‍സോര്‍ഷ്യങ്ങള്‍ ഇതുവരെ രൂപീകരിച്ചിട്ടുണ്ട്;

(ബി) ഓരോ കണ്‍സോര്‍ഷ്യവും എന്ന് രൂപീകരിച്ചു എന്നും എന്ന് സര്‍ക്കാര്‍ ഗ്രാന്റ് ലഭ്യമാക്കിയെന്നും എന്ന് പ്രവര്‍ത്തനമാരംഭിച്ചുവെന്നുമുളള വിവരങ്ങള്‍ അറിയിക്കുമോ;

(സി) രൂപീകരിക്കപ്പെട്ട ശേഷം ഓരോ കണ്‍സോര്‍ഷ്യവും എത്ര തൊണ്ട് ശേഖരിച്ചുവെന്നും, അതുവഴി എത്ര ചകിരി ഉത്പാദിപ്പിക്കാന്‍ കഴിഞ്ഞുവെന്നും പ്രോജക്ട് അടിസ്ഥാനത്തില്‍ വിവരങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.10.2011-ലെ മറുപടിക്ക്

ഡിപ്പോ സമ്പ്രദായം

5132 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായരംഗത്തെ ഡിപ്പോ സമ്പ്രദായം അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി മുൻ സർക്കാർ കൈക്കൊണ്ട നടപടികൾ ഇപ്പോഴും തുടരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) കയറ്റുമതിക്കാരിൽ നിന്നും ഓർഡർ ശേഖരിച്ച് കയർ കോർപ്പറേഷൻ വില നിശ്ചയിച്ച് ചെറുകിട ഉത്പാദകർക്ക് നല്കുന്ന നടപടി ഇപ്പോഴും തുടരുന്നുണ്ടോ ;

(സി) ഡിപ്പോകളെ പൂർണ്ണമായും നിരോധിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കയർ ഫാക്ടറി മേഖലയിൽ കയർ പരവതാനികൾക്കു പകരം ജൂട്ട്, സൈസൽ, ഗ്രാസ്സ് എന്നിവകൊണ്ടുള്ള പരവതാനികളാണ് നിർമ്മിക്കുന്നതെന്നും പ്രസ്തുത രംഗത്ത് വ്യവസ്ഥാപിതമായ കൂലിയോ സർവ്വീസ് ചാർജ്ജോ ചെറുകിട ഉത്പാദകന് നൽകുന്നില്ല എന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കയറ്റുമതിക്കാരായ വൻകിടക്കാരുടെ ചൂഷണം അവസാനിപ്പിക്കുവാൻ പ്രസ്തുത ഉത്പന്നങ്ങളെ സി.ഐ.ആർ.സി. പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) കയർ വ്യവസായത്തിലെ പ്രതിസന്ധിയ്ക്ക് പരിഹാരം കാണുന്നതിനും വൈവിധ്യവൽക്കരണത്തിനും വേണ്ടി കയർ കമ്മീഷൻ റിപ്പോർട്ട് അടിയന്തിരമായി നടപ്പിലാക്കുമോ ?

# കേരള നിയമസഭ
# 24.10.2011-ലെ മറുപടിക്ക്

<u>കയർ വിപണി</u>

5133 ശ്രീ. എ. റ്റി. ജോർജ്
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സൗഹാർദ്ദമായ കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര വിപണി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) ഇതിന് സംസ്ഥാന സർക്കാർ കയർ ബോർഡുമായി യോജിച്ച് പ്രവർത്തിക്കുന്നതിന് തയ്യാറാകുമോ;

(സി) ഈ മേഖലയുടെ വികസനത്തിനായി 12-ാം പഞ്ചവത്സര പദ്ധതിയിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്;

(ഡി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ, ഈ മേഖലയിൽ നിന്ന് എന്ത് തുകയാണ് വരുമാനമായി പ്രതീക്ഷിക്കുന്നത്?